## വനിത ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ
**(സാന്നിദ്ധ്യം: അനുപമ T.V IAS )**

വിഷയം : വനിത ശിശു വികസന വകുപ്പ് - നാഷണൽ ക്രഷ് സ്കീം - NGO ക്രഷ് - കോവിഡ് സുരക്ഷ മുൻകരുതൽ - ഫണ്ട് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1) 18/03/2020 തീയതിലെ പൊതു ഭരണ (രഹസ്യ വിഭാഗം ) വകുപ്പിന്റെ പരിപത്രം നം. SS/1/50/2020/പൊ.ഭ.വ.
2) 04/02/2022 തീയതിയിലെ ഉത്തരവ് നം. സ.ഉ (സാധാ) നം.109/2022/DMD

**ഉത്തരവ് നമ്പർ DWCD/367/2022-ICDSB7 (1) ; തീയതി: 09/02/2022**

കോവിഡ് - 19 നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കിയ ലോക്ക്ഡൗണിനെ തുടർന്ന് പരാമർശം (1) പരിപത്രത്തിന്റെ അടിസ്ഥാനത്തിൽ നാഷണൽ ക്രഷ് സ്കീം പ്രകാരം സംസ്ഥനത്ത് പ്രവർത്തിച്ചുവരുന്ന ക്രഷുകൾ എല്ലാം തന്നെ താൽക്കാലികമായി പ്രവർത്തനം നിർത്തിയിരിക്കുകയായിരുന്നു. ഫെബ്രുവരി 14 മുതൽ എല്ലാ ജില്ലകളിലും ക്രഷുകൾ ഓഫ് ലൈൻ ആയി പ്രവർത്തിക്കാൻ അനുമതി നൽകാവുന്നതാണ് എന്ന് സൂചിപ്പിച്ച കൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവായിട്ടുണ്ട്.

പരാമർശ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നാഷണൽ ക്രഷ് സ്കീം പ്രകാരം കേരള സംസ്ഥാന ശിശുക്ഷേമ സമിതി, NGOs എന്നിവയ്ക്ക് കീഴിൽ പ്രവർത്തിക്കുന്ന ക്രഷുകൾ കോവിഡ് പ്രോട്ടോകോൾ പാലിച്ചുകൊണ്ട് ഫെബ്രുവരി 14 മുതൽ പ്രവർത്തിപ്പിക്കാവുന്നതാണ്. ദുരന്ത നിവാരണ അതോറിറ്റി/ജില്ല ഭരണകൂടം/ആരോഗ്യ വകുപ്പ് എന്നിവ നിഷ്കർഷിക്കുന്ന മുൻകരുതൽ നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ട് ക്രഷ് പ്രവർത്തിപ്പിക്കുന്നതിന് ക്രഷുകളിലെ വർക്കർമാർ/ഹെൽപ്പർമാർ/NGOs എന്നിവർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ക്രഷുകളിൽ അവ പാലിക്കപ്പെടുന്നുവെന്ന് ബന്ധപ്പെട്ട CDPO മാർ ഉറപ്പാക്കേണ്ടതുമാണ്. നിലവിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് NGO ക്രഷുകളിൽ വരുന്ന കുട്ടികൾക്ക് കോവിഡ് സുരക്ഷ മുൻകരുതലുകൾ സ്വീകരിക്കുന്നതിന് ആവശ്യമായ സാധനങ്ങൾ (സാനിറ്റൈസർ, മാസ്ക് മുതലായവ) വാങ്ങിക്കുന്നതിനായി ക്രഷ് ഒന്നിന് 300 രൂപ നിരക്കിൽ (ഒറ്റ തവണ മാത്രം) നൽകുന്നതിനായി ചുവടെ പരാമർശിക്കും പ്രകാരം ഫണ്ട് അനുവദിച്ച ഉത്തരവാകുന്നു.

| ക്രമ നം. | ജില്ല | ക്രഷുകളുടെ എണ്ണം (NGO) | അനുവദിക്കുന്ന തുക (ക്രഷ് ഒന്നിന് 300/- രൂപ നിരക്കിൽ) |
|---|---|---|---|
| 1. | തിരുവനന്തപുരം | 41 | 12,300 |
| 2. | കൊല്ലം | 7 | 2,100 |
| 3. | ആലപ്പുഴ | 18 | 5,400 |
| 4. | കോട്ടയം | 24 | 7,200 |
| 5. | ഇടുക്കി | 14 | 4,200 |
| 6. | എറണാകുളം | 26 | 7,800 |
| 7. | തൃശ്ശൂർ | 18 | 5,400 |
| 8. | പാലക്കാട് | 10 | 3,000 |
| 9. | മലപ്പുറം | 12 | 3,600 |
| 10. | കോഴിക്കോട് | 3 | 900 |
| 11. | വയനാട് | 5 | 1,500 |
| | **ആകെ** | **178** | **53,400** |

**ആകെ - 53,400/- (അമ്പതി മൂവായിരത്തി നാന്നൂറ് രൂപ മാത്രം)**

CDPO മാർ ടി തുക അടിയന്തിരമായി ബന്ധപ്പെട്ട ക്രഷുകളുടെ ബാങ്ക് അക്കൗണ്ടിലൂടെ കൈമാറി നൽകേണ്ടതാണ്. ടി തുക വിനിയോഗിച്ച് കോവിഡ് സുരക്ഷ മുൻകരുതലുകൾ സ്വീകരിക്കുന്നതിന് ആവശ്യമായ സാധനങ്ങൾ വാങ്ങി ക്രഷുകളിൽ ഉപയോഗിക്കുന്നു എന്നും, ബന്ധപ്പെട്ട അധികാരികൾ നിർദ്ദേശിക്കുന്ന കോവിഡ് സുരക്ഷ മുൻകരുതൽ മാനദണ്ഡങ്ങൾ ക്രഷുകളിൽ പാലിക്കപ്പെടുന്നുവെന്ന് ബന്ധപ്പെട്ട CDPO മാർ ഉറപ്പാക്കേണ്ടതുമാണ്.

ഇതിലേയ്ക്ക് ആകെ ആവശ്യമായ **53,400/- (അമ്പതി മൂവായിരത്തി നാന്നൂറ് രൂപ മാത്രം)** നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റ് ശീർഷകമായ 2235-02-102-42 (P) നിന്നും വിനിയോഗിക്കേണ്ടതാണ്. ജില്ലാതലത്തിൽ ക്രോഡീകരിച്ച ധന വിനിയോഗ സാക്ഷ്യപത്രം ജില്ല വനിത ശിശുവികസന ഓഫീസർമാർ യഥാസമയം ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)
വനിത ശിശുവികസന ഡയറക്ടർ

ജില്ല വനിത ശിശുവികസന ഓഫീസർമാർക്ക്

പകർപ്പ് - 1. സൂപ്രണ്ട് - എ സെക്ഷൻ
2. സൂപ്രണ്ട് - പ്ലാനിംഗ് സെൽ
3. ബന്ധപ്പെട്ട CDPO മാർക്ക്
4. NGO കൾക്ക് (CDPO മാർ മുഖേനെ)
5. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്